# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2414** **07.02.2019-ൽ മറുപടിക്ക്**

### ടെക്സ്റ്റയിൽ മില്ലുകളിലെ സേവന വേതന കരാർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിലെ സഹകരണ മില്ലുകളിലെയും കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ മില്ലുകളിലെയും സേവന വേതന കരാർ കാലാവധി അവസാനിച്ചിട്ടുണ്ടോ; എന്നാണ് അവസാനമായി പ്രസ്തുത കരാർ പുതുക്കിയത്; വിശദാംശം നൽകുമോ; | (എ) കേരളത്തിലെ സഹകരണമില്ലുകളിലെ സേവന വേതന കരാർ കാലാവധി 30.11.2015 ൽ അവസാനിച്ചിട്ടുണ്ട്. പ്രസ്തുത മില്ലുകളിൽ ടി കരാർ അവസാനമായി പുതുക്കിയത് 10.08.2010 നാണ്.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ മില്ലുകളിലെ സേവന വേതന കരാറുകളുടെ (ദീർഘകാലകരാർ) കാലാവധി 2015 ഡിസംബർ മാസം 31-ാം തീയതി അവസാനിച്ചു. അവസാനമായി ദീർഘകാല കരാർ പുതുക്കിയത് 2010 ഡിസംബർ മാസത്തിലാണ്. |
| (ബി) കരാർ കാലാവധി തീർന്നിട്ടുണ്ടെങ്കിൽ അത് പുതുക്കി നിശ്ചയിക്കുന്നതിനും ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലും ടെക്സ്ഫെഡ് മില്ലുകളിലും ദീർഘകാലകരാർ രൂപപ്പെടുത്തുന്നതും ഒപ്പു വെയ്ക്കുന്നതും അതാതു മില്ലുകളിലെ ഉൽപാദനക്ഷമത അടിസ്ഥാനപ്പെടുത്തിയാണ്. ഇതിനു മുമ്പായി സംസ്ഥാന തലത്തിൽ ടെക്സ്റ്റൈൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി (ഐ.ആർ.സി ടെക്സ്റ്റൈൽസ്) പുതിയ ദീർഘകാല കരാറിനായുള്ള ഒരു ശമ്പളപാക്കേജ് ചർച്ച ചെയ്ത് രൂപപ്പെടുത്തുന്ന രീതിയുണ്ട്. ഇത് സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) ചെയർമാനായി ഐ.ആർ.സി അംഗങ്ങളിൽ നിന്നും ഒരു സബ് കമ്മിറ്റിയെ 02.02.2018 ൽ ലേബർ കമ്മീഷണർ ചുമതലപ്പെടുത്തുകയുണ്ടായി. ടി |

കമ്മിറ്റി കൂടുതൽ ചർച്ചകൾ നടത്തി വരികയാണ്. ഐ.ആർ.സി തീരുമാനത്തെ തുടർന്ന് ഓരോ മില്ലുകളിലും യൂണിറ്റ് തലത്തിൽ ചർച്ച ചെയ്ത് ദീർഘകാലകരാർ ഒപ്പുവെയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) സൂപ്പർവൈസർ മുതൽ മാനേജിംഗ് ഡയറക്ടർ വരെയുള്ളവർക്ക് എന്നാണ് അവസാനമായി ഡി.എ. വർദ്ധിപ്പിച്ചതെന്ന് അറിയിക്കുമോ;

(സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിൽ സൂപ്പർവൈസർ ആന്റ് മാനേജീരിയൽ വിഭാഗത്തിൽ 15.12.2017 തീയതിയിലാണ് അവസാനമായി രണ്ട് ഗഡു ഡി.എ വർദ്ധിപ്പിച്ചത്. അതിൽ ഒരു ഗഡു ഡി.എ 01.07.2015 മുതലും രണ്ടാമത്തേത് 01.01.2016 മുതലും പുതുക്കി നൽകിയിട്ടുണ്ട്. മാനേജിംഗ് ഡയറക്ടർക്ക് ഈ വർദ്ധനവ് ബാധകമാക്കിയിട്ടില്ല.

ടെക്സ്ഫെഡിലും സഹകരണ സ്പിന്നിംഗ് മില്ലുകളിലും വേരിയബിൾ ഡി.എ ആണ് നിലവിലുള്ളത്. ഈ സ്ഥാപനങ്ങളിൽ പുതുക്കിയ ഡി.എ ജനുവരി 2016 മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിന്നും ഡെപ്യൂട്ടേഷനിൽ മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറും ടെക്സ്ഫെഡിന്റെ അധികചുമതലയും വഹിക്കുന്ന ടെക്സ്ഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അവസാനമായി ഡി.എ വർദ്ധിപ്പിച്ചത് ഫെബ്രുവരി 2018 ൽ ആണ്.

(ഡി) പുതുക്കിയ ഡി.എ. എന്നുമുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്;

(ഡി) ജനുവരി 2016 മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

(ഇ) സ്പിന്നിംഗ് മിൽ തൊഴിലാളികളുടെ വേരിയബിൾ ഡി.എ. അടിസ്ഥാനവർഷം 1998-99-ൽ നിന്നും പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; അവസാനമായി എത്ര ശതമാനമാണ് വർദ്ധിപ്പിച്ചത്; വിശദാംശം നൽകാമോ?

(ഇ) വേരിയബിൾ ഡി.എ കണക്കാക്കുന്നതിനുള്ള അടിസ്ഥാന വർഷം 2015 ഏപ്രിൽ മാസം മുതൽ 1998-99 ൽ നിന്നും 2011-12 ആയി ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ്

ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെയും ടെക്സ് ഫെഡിന്റെയും കീഴിലുള്ള മില്ലുകളിൽ 10.08.2010 തീയതിയിലെ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഉണ്ടാക്കിയ ഐ.ആർ.സി സെറ്റിൽമെന്റ് അനുസരിച്ച് ക്ഷാമബത്ത 400 ൽ അധികരിച്ച പോയിന്റിന് 5.31% വർദ്ധിപ്പിച്ച് 3.39 രൂപയിൽ നിന്നും 3.57 രൂപയാക്കി വർദ്ധിപ്പിച്ചു.

സെക് ഷൻ ഓഫീസർ